**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1739 — 11.02.2013 - ൽ മറുപടിയ്ക്ക്

സമുദ്രനിരപ്പിനു താഴെയുള്ള കൃഷി സംബന്ധിച്ച അന്തർ ദേശീയ ഗവേഷണ പരിശീലന കേന്ദ്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. കെ. സദാശിവൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | സമുദ്ര നിരപ്പിന് താഴെയുള്ള കൃഷി സംബന്ധിച്ച അന്തർ ദേശീയ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഭരണാനുമതി നല്കിയത് എന്നായിരുന്നു; | (എ) | സമുദ്ര നിരപ്പിന് താഴെയുള്ള കൃഷി സംബന്ധിച്ച അന്തർദേശീയ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് വിശദമായ ഒരു പദ്ധതി കാർഷിക സർവകലാശാലയുടെ കുമരകം പ്രാദേശിക ഗവേഷണ കേന്ദ്രവും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും കൂടിയാലോചിച്ച് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത കേന്ദ്രം സ്ഥാപിക്കുന്നതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര കോടിയാണ് ; നടപ്പു വർഷത്തെ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു; ഇതിനകം എന്ത് തുക ചെലവായിട്ടുണ്ട്; ഗവേഷണ കേന്ദ്രം എന്തെല്ലാം ഗവേഷണങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് ; | (ബി) | കേരള കാർഷിക സർവകലാശാല നൽകിയ പദ്ധതി നിർദ്ദേശ പ്രകാരം ടി കേന്ദ്രങ്ങൾക്കായി മൊത്തം നാല് വർഷത്തേക്ക് 69.45 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. നടപ്പുവർഷത്തെ ബജറ്റ് വിഹിതമായി (2012-2013) 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) | ഗവേഷണ കേന്ദ്രത്തിൽ ഭരണ നിർവ്വഹണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതിനകം എത്ര പേരെ ഏതെല്ലാം വ്യവസ്ഥകൾ പ്രകാരം നിയമിക്കുകയുണ്ടായി ? | (സി) | ഗവേഷണകേന്ദ്രത്തിന് തുടക്കം കുറിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ